നമ്പർ.എൻ.ഇ.പി(3)/47546/2015

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി: 14.05.2016

# സർക്കുലർ

**വിഷയം:- പൊതുവിദ്യാഭ്യാസം - 2016-2017 അധ്യയന വർഷം അധ്യാപകർക്ക് നൽകുന്ന ഐ.സി.ടി പരിശീലനങ്ങൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സ്കൂൾ പാഠപുസ്തകങ്ങളുടെ പരിഷ്കരണത്തിന്റെ ഭാഗമായി എട്ട്, ഒമ്പത്, പത്ത് ക്ലാസുകളിലെ ഐസിടി പാഠപുസ്തകങ്ങളും പരിഷ്കരിച്ചിട്ടുണ്ട്. 2016-17 അധ്യയനവർഷം ഹൈസ്കൂൾ ക്ലാസുകളിൽ പരിഷ്കരിച്ച ഐസിടി പാഠപുസ്തകങ്ങൾ ഫലപ്രദമായി വിനിമയം ചെയ്യുന്നതിന് പ്രത്യേക അധ്യാപക പരിശീലനം ക്രമീകരിച്ചിട്ടുണ്ട്. ഹൈസ്കൂൾ അധ്യാപകർക്ക് ഈ അധ്യയന വർഷം നൽകുന്ന ഐസിടി പരിശീലനങ്ങളും പരിശീലന നടത്തിപ്പും സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

## പരിശീലനങ്ങൾ

| ക്രമ നമ്പർ | പരിശീലനം | പരിശീലന ദൈർഘ്യം | പരിശീലന തീയതി |
|---|---|---|---|
| 1 | എട്ട്, ഒമ്പത്, പത്ത് ക്ലാസുകളിൽ ഐസിടി പഠിപ്പിക്കുന്ന അധ്യാപകർക്കുള്ള പരിശീലനം | 4 ദിവസം | 2016 മെയ് 17 മുതൽ 31 വരെ, 2016 ജൂൺ 13 മുതൽ 16 വരെ |
| 2 | പരിഷ്കരിച്ച ഐസിടി പാഠപുസ്തകത്തെ അടിസ്ഥാനമാക്കിയുള്ള, പ്രത്യേക ഐസിടി പരിശീലനം | 6 ദിവസം | 2016 ജൂൺ 17 മുതൽ 30 വരെ |

## നിർദ്ദേശങ്ങൾ

1. പ്രത്യേക ഐസിടി പരിശീലനം ലഭിച്ച അധ്യാപകർ മാത്രമായിരിക്കണം ഹൈസ്കൂൾ ക്ലാസുകളിൽ ഐസിടി പാഠപുസ്തകം വിനിമയം ചെയ്യേണ്ടത്.
2. എട്ട്, ഒമ്പത്, പത്ത് ക്ലാസുകളിൽ പരിഷ്കരിച്ച ഐസിടി പാഠപുസ്തകങ്ങളായതിനാൽ ആദ്യ ബാച്ചുകളിൽ (2016 മെയ് 31-ന് മുമ്പ്) ഓരോ സ്കൂളിലെയും മൂന്ന് അധ്യാപകർക്കുവീതം (എട്ട്, ഒമ്പത്, പത്ത് ക്ലാസുകളിലെ ഓരോ അധ്യാപകർക്ക്) പരിശീലനം നൽകേണ്ടതാണ്. ഓരോ ഹൈസ്കൂളിലെയും മൂന്ന് അധ്യപകർക്ക് പരിശീലനം പൂർത്തിയാക്കിയശേഷം മാത്രമേ അതേ സ്കൂളിലെ കൂടുതൽ അധ്യാപകരെ ഐസിടി പരിശീലനത്തിൽ ഉൾപ്പെടുത്താൻ പാടുള്ളൂ. അതത് സ്കൂൾ ഹെഡ്മാസ്റ്ററും വിദ്യാഭ്യാസ ഓഫീസർമാരും ഇത് പ്രത്യേകം ശ്രദ്ധിക്കേണ്ടതും സംസ്ഥാന സർക്കാർ സിലബസ് പിന്തുടരുന്ന എല്ലാ ഹൈസ്കൂളുകളിലും പ്രത്യേക ഐസിടി പരിശീലനം ലഭിച്ച അധ്യാപകരാണ് ഐസിടി പഠനം നടപ്പിലാക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

3. ഐടി@സ്കൂൾ പ്രോജക്ട് ലഭ്യമാക്കിയ എസ്.ആർ.ജി, ഡി.ആർ.ജി പരിശീലനത്തിൽ പങ്കെടുത്തവർ, പാഠപുസ്തക പരിഷ്കരണ പ്രവർത്തനങ്ങളിൽ പങ്കെടുത്തവർ എന്നിവരായിരിക്കണം അധ്യാപക പരിശീലനം നടത്തേണ്ടത്.

4. ഐസിടി പാഠപുസ്തകത്തെ അടിസ്ഥാനമാക്കിയുള്ള പരിശീലനം ലഭിക്കാത്ത അധ്യാപകർ 2016 ജൂൺ 30-ന് മുമ്പ് പരിശീലനത്തിൽ പങ്കെടുക്കേണ്ടതാണ്. അധ്യാപകർക്ക് യഥാസമയം പരിശീലനം ലഭിച്ചുവെന്ന് പ്രഥമാധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്.

5. പരിശീലനം ആവശ്യമുള്ള അധ്യാപകർ ഐ.ടി@സ്കൂളിന്റെ ജില്ലാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

6. ഐ.ടി@സ്കൂൾ പ്രോജക്ട് തയ്യാറാക്കി ലഭ്യമാക്കുന്ന മൊഡ്യൂൾ ഉപയോഗിച്ചായിരിക്കണം പരിശീലനം നടത്തേണ്ടത്.

7. ഒരു പരിശീലന കേന്ദ്രത്തിൽ കമ്പ്യൂട്ടറിന്റെ ലഭ്യതക്കനുസരിച്ച് 20 മുതൽ 30 വരെ അധ്യാപകരെ ഉൾപ്പെടുത്തി പരിശീലനം ക്രമീകരിക്കേണ്ടതാണ്. 15-ൽ താഴെ അധ്യാപകർക്ക് ഒന്നും 15 മുതൽ 25 വരെ രണ്ടും 25-നു മുകളിൽ മൂന്നും എന്ന ക്രമത്തിൽ പരിശീലകരെ (RPs) നിയോഗിക്കേണ്ടതാണ്.

8. ഐടി@സ്കൂൾ മാസ്റ്റർ ട്രെയിനർമാരുടെ നേതൃത്വത്തിൽ അതത് ജില്ലകളിൽ പരിശീലന കേന്ദ്രങ്ങൾ സജ്ജീകരിക്കേണ്ടതാണ്. ഐടി@സ്കൂളിന്റെ ജില്ലാ റിസോഴ്സ് കേന്ദ്രങ്ങൾ, സ്കൂൾ കമ്പ്യൂട്ടർ ലാബുകൾ എന്നിവ പരിശീലനകേന്ദ്രങ്ങളായി ഉപയോഗപ്പെടുത്തേണ്ടതാണ്. പരിശീലനത്തിനാവശ്യമായ കമ്പ്യൂട്ടർ ലാബുകൾ ലഭ്യമല്ലെങ്കിൽ സ്കൂളുകൾക്ക് വിതരണം ചെയ്ത ലാപ്ടോപ്പുകൾ ശേഖരിച്ച് അനുയോജ്യമായ സ്കൂളുകളിൽ താൽക്കാലികമായി കമ്പ്യൂട്ടർ ലാബ് സജ്ജീകരിച്ച് പരിശീലനം നടത്തേണ്ടതാണ്.

9. പരിശീലനത്തിന്റെ ഗുണനിലവാരം, കാര്യക്ഷമത എന്നിവ ഉറപ്പുവരുത്തുന്നതിന് ജില്ലയിലെ വിദ്യാഭ്യാസ ഓഫീസർമാരും ഐടി@സ്കൂൾ ജില്ലാകോർഡിനേറ്റർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

10. അധ്യാപകരും പരിശീലകരും പരിശീലന സമയം കഴിയുന്നതുവരെ പരിശീലനകേന്ദ്രത്തിൽ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ഒന്നിലധികം പരിശീലകരെ നിയോഗിച്ചിട്ടുള്ള കേന്ദ്രങ്ങളിൽ എല്ലാ പരിശീലകരും എല്ലാ പരിശീലന ദിവസങ്ങളിലും പരിശീലന കേന്ദ്രങ്ങളിൽ ഉണ്ടായിരിക്കേണ്ടതാണ്.

11. പരിശീലകർ പരിശീലനം ആരംഭിക്കുന്നതിന് അര മണിക്കൂർ മുമ്പ് പരിശീലനകേന്ദ്രത്തിൽ എത്തേണ്ടതും പരിശീലനം അവസാനിച്ച് എല്ലാ പഠിതാക്കളും പോയശേഷം മാത്രം പരിശീലനകേന്ദ്രത്തിൽ നിന്നും പോകേണ്ടതുമാണ്.

12. പരിശീലനത്തിനെത്തുന്ന അധ്യാപകർക്ക് പ്രതിദിനം 125/-രൂപയും പരിശീലകർക്ക് (RPs) 200/- രൂപയും ഓണറേറിയമായി ഐടി@സ്കൂൾ പ്രോജക്ട് നൽകേണ്ടതാണ്.

13. ഐടി@സ്കൂൾ പ്രോജക്ട് പരിശീലനകേന്ദ്രങ്ങളായി തെരഞ്ഞെടുക്കുന്ന സ്കൂളുകൾക്ക് പ്രതിദിനം 200/- രൂപ വൈദ്യുതി ചാർജ്ജ് ഉൾപ്പെടെയുള്ള ചെലവുകൾക്കായി സ്കൂളിന്റെ ഐടി അഡ്വൈസറി അക്കൗണ്ടിലേക്ക് നൽകേണ്ടതാണ്.

14. അംഗീകൃത അൺഎയിഡഡ് സ്കൂളിലെ അധ്യാപകരെയും താൽക്കാലിക അധ്യാപകരെയും പരിശീലനത്തിൽ ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ ഈ അധ്യാപകർക്ക് ഓണറേറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ഒന്നും നൽകേണ്ടതില്ല.

15. ജില്ലയിൽ നടത്തുന്ന ഏതു പരിശീലന പരിപാടിക്കും ഐടി@സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടറുടെ മുൻകൂർ അനുമതി വാങ്ങേണ്ടതും പരിശീലനത്തെപ്പറ്റിയുള്ള വിവരങ്ങൾ Training Management System-ൽ ഉൾപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി@ സ്കൂൾ പ്രോജക്ട്
എല്ലാ ഡി.ഡി.ഇ/ഡി.ഇ.ഒ.മാർക്കും
എല്ലാ ജില്ലാ കോർഡിനേറ്റർമാർക്കും
എല്ലാ ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും (ഡിഇഒ മുഖേന)
ഫിനാൻസ് ഓഫീസർ/അക്കാഡമിക് വിഭാഗം/സ്റ്റോക്ക് ഫയൽ